പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6097** — **02.04.2018** ൽ മറുപടിക്ക്

## മൺപാത്ര നിർമ്മാണത്തിന് കളിമണ്ണ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) പരമ്പരാഗതമായി മൺപാത്ര നിർമ്മാണം നടത്തി ഉപജീവനം നടത്തുന്നവർക്ക് അവരുടെ തൊഴിലിന് വേണ്ട അസംസ്കൃത വസ്തുവായ കളിമണ്ണ് ശേഖരിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. 50 ടൺ കളിമണ്ണ് വരെ ഖനനം ചെയ്ത് ഉപയോഗിക്കുന്നത് കെ.എം.എം.സി. 2015 ചട്ടങ്ങളിലെ ചട്ടം 106(5) അനുസരിച്ച് നിയമത്തിൽ ഇളവുകൾ നല്കിയിട്ടുണ്ട്. |
| (ബി) മൺപാത്ര നിർമ്മാണത്തിനായി കളിമണ്ണെടുക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണ്; | (ബി) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടത്തിലെ ചട്ടം 106(5) പ്രകാരം, പരമ്പരാഗതമായി മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്നവർക്കും ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഐഡന്റിറ്റി കാർഡുള്ളവർക്കും റോയൽറ്റി ഈടാക്കാതെ പ്രതിവർഷം 50 മെട്രിക് ടൺ വരെയുള്ള കളിമണ്ണ് കൊണ്ടുപോകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് കൈവശാവകാശ സർട്ടിഫിക്കറ്റ്, സർവ്വെ മാപ്പ്, സ്ഥലമുടമയുടെ സമ്മതപത്രം എന്നിവയും ആർട്ടിസാൻസ് സർട്ടിഫിക്കറ്റും അപേക്ഷ സഹിതം സമർപ്പിക്കുന്നവർക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസിൽ നിന്നും കളിമണ്ണ് ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. ഇവർക്ക് മൈനിങ് പ്ലാനോ, പാരിസ്ഥിതികാനുമതിയോ ആവശ്യമില്ലാത്തതാണ്. |
| (സി) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ആളൂർ കുംഭാര കോളനിയിൽ മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയവർക്ക് കളിമണ്ണ് ശേഖരിക്കുന്നതിന് തടസ്സം ഉണ്ടാക്കുകയും മണ്ണ് കൊണ്ട് പോകുന്ന വാഹനങ്ങൾ തടഞ്ഞിടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണാൻ നടപടി എടുക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ പ്രദേശത്ത് ടി തൊഴിലുമായി ബന്ധപ്പെട്ടവർ തൃശ്ശൂർ മൈനിംഗ് & ജിയോളജി ജില്ലാ ആഫീസിനെ സമീപിച്ച സന്ദർഭത്തിൽ കെ.എം.എം.സി. ചട്ടങ്ങൾ 106(5) പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെടുന്നവർക്കും ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഐഡന്റിറ്റി കാർഡുള്ളവർക്കും റോയൽറ്റി ഈടാക്കാതെ പ്രതിവർഷം 50 മെട്രിക് ടൺ വരെ കളിമണ്ണ് കൊണ്ടുപോകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണെന്നും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കളിമണ്ണ് കൊണ്ടുപോകുന്നതിനുള്ള പാസ്സും അനുമതിയും നൽകുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം കാലതാമസം കൂടാതെ അനുവദിക്കുന്നതാണെന്നും അവരെ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ ഈ കോളനിയിൽ നിലവിലുള്ള സ്ഥലത്ത് മൺപാത്ര നിർമ്മാണത്തിന്റെ വികസനത്തിനാവശ്യമായ വർക്ക് ഷെഡ് നിർമ്മിക്കുന്നതിനും ആവശ്യമായ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) ഇവർക്ക് ഗവൺമെന്റ് നൽകി വരുന്ന ആർട്ടിസാൻസ് കാർഡ് മുഖാന്തിരം 'ആശ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**